# ഉള്ളടക്കം


| സീരിയൽ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | 1 |
| 2 | പൊതു ലക്ഷ്യങ്ങൾ | 5 |
| 3 | അവസ്ഥാ വിശകലനം | 6 |
| 4 | വിഷയ മേഖലകൾ | 9 |
| 5 | പ്രതീക്ഷിത നേട്ടങ്ങൾ | 26 |
| 6 | മോണിറ്ററിംഗ് | 27 |
| 7 | വിദ്യാഭ്യാസ വികസന സമിതി | 28 |
| 8 | ഉപസംഹാരം | 29 |
| 9 | അനുബന്ധം | 30 |


Scanned with OKEN Scanner

## വിദ്യാലയ ചരിത്രം

# നാൾ വഴികളിലൂടെ....

സ്വാതന്ത്ര്യ സമരത്തിന്റെ മായാത്ത സ്മരണകളുറങ്ങുന്ന പറപ്പൂർ ഗ്രാമപഞ്ചായത്തിൽ കടലുണ്ടി പുഴയുടെ സമീപത്തായി പറപ്പൂർ വെസ്റ്റ് ന്യൂ എ.എം.എൽ.പി. സ്കൂൾ എന്ന ഈ കൊച്ചു വിദ്യാലയം സ്ഥിതി ചെയ്യുന്നു. വിദ്യാഭ്യാസപരമായി വളരെയധികം പിന്നോക്കം നിന്നിരുന്ന ഈ പ്രദേശത്ത് 1924ലാണ് ഈ വിദ്യാലയം സ്ഥാപിതമാവുന്നത്.

സ്കൂൾ വിദ്യാഭ്യാസത്തോട് പൊതുവെ വൈമുഖ്യം കാണിച്ചിരുന്ന കാലഘട്ടത്തിൽ അകലെയുള്ള വിദ്യാലയങ്ങളിൽ പോയി അക്ഷരാഭ്യാസം നേടാൻ ഭൂരിപക്ഷം പേരും താൽപര്യം കാണിച്ചിരുന്നില്ല. ഇങ്ങനെയൊരു സാഹചര്യത്തിലാണ് പറപ്പൂർ വെസ്റ്റ് ന്യൂ എ.എം.എൽ.പി. സ്കൂൾ എന്ന വിദ്യാലയം സ്ഥാപിതമാവുന്നത്.

ഒരു പ്രദേശത്തെ ജനതയെ വിദ്യയുടെ വെളിച്ചം നൽകി നേർവഴി നയിക്കുക എന്ന ഏക ഉദ്ദേശ്യത്തോടെ ഒരു പ്രൈമറി സ്കൂൾ സ്ഥാപിച്ച ശ്രീ. ടി.പി. അഹമ്മദ് കുട്ടി എന്ന മഹത് വ്യക്തിയുടെ ഹൃദയവിശാലതയെ എത്ര പ്രകീർത്തിച്ചാലും അധികമാവില്ല. ഇദ്ദേഹത്തിന് ശേഷം ശ്രീമതി കെ. ബീവിഉമ്മ മാനേജർ സ്ഥാനം ഏറ്റെടുത്തു. 1984ലാണ് ഇപ്പോഴത്തെ മാനേജരായ ശ്രീ. ടി.പി. അഹമ്മദ് കുട്ടി തൽസ്ഥാനം ഏറ്റെടുത്തത്. തുടക്കത്തിൽ അഞ്ചാം ക്ലാസു വരെ അംഗീകാരം ഉണ്ടായിരുന്നെങ്കിലും കുട്ടികളുടെ അഭാവം കാരണമാകാം അഞ്ചാം ക്ലാസിന്റെ അംഗീകാരം പിൻവലിച്ചത്. ഏറെ കാലം ഈ വിദ്യാലയത്തിന്റെ പ്രഥമാധ്യാപക സ്ഥാനം അലങ്കരിച്ച ശ്രീ. ടി.പി. മുഹമ്മദ് മാസ്റ്റർ ഈ പ്രദേശത്തിന്റെ സാമൂഹിക രാഷ്ട്രീയ മണ്ഡലങ്ങളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിയായിരുന്നു. 1981ൽ സർവീസിലിരിക്കെ അദ്ദേഹം അകാല ചരമമടഞ്ഞു.

ബ്രിട്ടീഷ് ആധിപത്യത്തിലായിരുന്നത് കൊണ്ടാവാം ആദ്യകാലങ്ങളിൽ ബ്രിട്ടീഷുകാരെ സ്തുതിച്ചു കൊണ്ടായിരുന്നു പ്രഭാത പ്രാർത്ഥന ചൊല്ലിയിരുന്നത്. 'എംപയർ ഡേ' എന്ന പേരിൽ സ്കൂളിന് ഒരു ദിവസം അവധി നൽകിയിരുന്നു. ഈ വിദ്യാലയങ്ങളിൽ സേവനമനുഷ്ഠിച്ചിരുന്ന രാജ്യസ്നേഹികളായ ശ്രീ. അലവിക്കുട്ടി മാസ്റ്റർ, ശ്രീ. പോക്കർ മാസ്റ്റർ, ശ്രീ. മങ്കട അലവി മാസ്റ്റർ എന്നിവർ ഭാരതമാതാവിനെ സ്തുതിച്ചു കൊണ്ടുള്ള ഒരു പ്രാർത്ഥന ചൊല്ലാൻ കുട്ടികളെ പരിശീലിപ്പിക്കുകയും അതുവഴി കുട്ടികളെ രാജ്യസ്നേഹികളായി വളരാൻ സാഹചര്യമൊരുക്കുകയും ചെയ്തു.



Scanned with OKEN Scanner

മാനേജർമാർ കയ്യാൽ കൽപിച്ച് നൽകുന്ന തുച്ഛമായ വരുമാനത്തിൽ നിന്നും ഒരു ഭാഗം മാറ്റി വെച്ച് മിഠായികളും പലഹാരപ്പൊതികളും വാങ്ങി, കുട്ടികളുടെ വീട്ടിൽ ചെന്ന് അവരെ സ്നേഹപൂർവ്വം നിർബന്ധിച്ച് സ്കൂളിലേക്ക് കൊണ്ട് വന്നിരുന്ന അർപ്പണ മനോഭാവമുള്ള അന്നത്തെ അധ്യാപകർ അവകാശങ്ങൾക്കുവേണ്ടി പോരാടുന്ന ഇന്നത്തെ അധ്യാപകർക്ക് ഒരു പാഠമാകേണ്ടതാണ്.

1995ലാണ് ഈ വിദ്യാലയത്തിൽ മാലതി ടീച്ചർ പ്രഥമാധ്യാപികയായി സ്ഥാനമേറ്റെടുത്തത്. അന്ന് ടീച്ചർക്ക് സഹപ്രവർത്തകരായി കൂടെ ഉണ്ടായിരുന്നത് ശ്രീ. ടി. അബുല്ലൈസ് മാസ്റ്റർ, ശ്രീമതി സക്കീന, ശ്രീ. രാധൻ, ശ്രീ. സതീശൻ എന്നിവരായിരുന്നു. ഒരു അധ്യാപകൻ എന്നതിലുപരി ഈ പ്രദേശത്തെ ജനങ്ങൾക്ക് ഏറെ പ്രിയപ്പെട്ട ശ്രീ. ടി. അബുല്ലൈസ് മാസ്റ്റർ ഇന്ന് ഞങ്ങളോടൊപ്പമില്ല.

1995ൽ നിലവിൽ വന്ന ഡി.പി.ഇ.പി. എന്ന പദ്ധതിക്ക് എല്ലാ കോണുകളിൽ നിന്നും വിമർശനങ്ങൾ നേരിടേണ്ടി വന്നെങ്കിലും വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം അക്കാദമിക പുരോഗതി കൈവരുന്നത് ഡി.പി.ഇ.പി. നിലവിൽ വന്നതോടെയാണ്. മാതൃസംഗമങ്ങളുടെ പ്രാധാന്യം വർധിച്ചതോടു കൂടി എല്ലാ മാസവും മാതൃ സംഗമം വിളിച്ചു കൂട്ടുകയും, പുതിയ പാഠ്യപദ്ധതി വിശദീകരിച്ച് കൊടുക്കുന്നതോടൊപ്പം വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കൂടി അമ്മമാരെ ബോധ്യപ്പെടുത്താൻ ഇത് സഹായകമാവുകയും ചെയ്തു.

ഡി.പി.ഇ.പി. വിഭാവനം ചെയ്യുന്ന രീതിയിലുള്ള പഠനം ക്ലാസ് മുറികളിൽ എത്രത്തോളം പ്രാവർത്തികമാക്കുന്നു എന്നറിയാൻ പഠനസംഘം സ്കൂൾ സന്ദർശിച്ചിരുന്നു. ക്ലാസുകൾ നിരീക്ഷിച്ച ശേഷം അവർ പൂർണ്ണ സംതൃപ്തി രേഖപ്പെടുത്തുകയും മെച്ചപ്പെട്ട രീതിയിലുള്ള പഠനപ്രവർത്തനങ്ങൾ ആണ് അധ്യാപകർ കാഴ്ച വയ്ക്കുന്നത് എന്നും, നിങ്ങൾ വിജയ പാതയിലാണെന്നും ആശംസിക്കുകയും ചെയ്തു.

ഇന്ന് ഈ വിദ്യാലയെ പഠനമികവിന്റെ കാര്യത്തിൽ കേരളത്തിലെ അറിയപ്പെടുന്ന വിദ്യാലയമാണ്. 2013-14 അധ്യായന വർഷത്തിൽ ഡയറ്റ് ലക്ചറർ ശ്രീ. സത്യനാഥനും വേങ്ങര എ.ഇ.ഒ. ശ്രീ. രാജ്മോഹനും സ്കൂൾ സന്ദർശിക്കുകയും കുട്ടികളുടെ പഠന നിലവാരത്തെ സംബന്ധിച്ച് പൂർണ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. 2014-15 അധ്യയന വർഷത്തിൽ സ്റ്റേറ്റ് മോണിറ്ററിംഗ് ടീമും ഡയറ്റ് അധികൃതരും ബി.ആർ.സി. അധികൃതരും എ.ഇ.ഒ. മാരും ഈ കൊച്ചു വിദ്യാലയത്തിലെ പഠനമികവ് നേരിട്ട് അറിയാനായി വന്നെത്തി. ഈ സ്കൂളിൽ നിന്നും കിട്ടിയ പഠനത്തെളിവുകൾ അവർ കേരളത്തിലെ പല സ്കൂളുകളിലും പങ്കുവെച്ചു.



Scanned with OKEN Scanner

അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിലും അധ്യാപകരുടെ സമർപ്പിത സേവനം കുട്ടികളുടെ ഗുണപരമായ വളർച്ചയെ ഏറെ സഹായിക്കുന്നുണ്ടെന്ന് അവർ വിലയിരുത്തി. എല്ലാ അക്കാദമിക് പ്രവർത്തനങ്ങൾക്കും ഗുണപരത ഉറപ്പാക്കുന്ന അധ്യാപകരുടെ നിസ്വാർത്ഥ സേവനത്തെ അവർ വാനോളം പുകഴ്ത്തി. 'അധ്യാപകർക്കും കുട്ടികൾക്കും നല്ലത് വരട്ടെ' എന്ന് ആശംസിക്കാനും അവർ മറന്നില്ല.

വിദ്യാർത്ഥികൾക്കിടയിലെ വൈഭവവൈവിധ്യത്തെ അധ്യാപകരുടെ കയ്യൊപ്പുചാർത്തി നമ്മുടെ നാടിന്റെ നന്മക്കായി നമുക്ക് പരുവപ്പെടുത്താം. ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി നമുക്ക് മുന്നേറാം.



Scanned with OKEN Scanner

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എ.എം.എൽ.പി.എസ്.<br>പറപ്പൂർ വെസ്റ്റ് ന്യൂ |
| വിലാസം | : | പറപ്പൂർ (പി.ഒ.)<br>കോട്ടക്കൽ (വഴി)<br>മലപ്പുറം – 676503 |
| സ്കൂൾ കോഡ് | : | 19842 |
| വിദ്യാഭ്യാസ ഉപജില്ല | : | വേങ്ങര |
| വിദ്യാഭ്യാസ ജില്ല | : | തിരൂരങ്ങാടി |
| റവന്യൂ ജില്ല | : | മലപ്പുറം |
| ബി.ആർ.സി. | : | വേങ്ങര |
| സി.ആൽ.സി. | : | ചോലക്കുണ്ട് |
| ഗ്രാമപഞ്ചായത്ത് | : | പറപ്പൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | വേങ്ങര |
| ജില്ലാ പഞ്ചായത്ത് | : | മലപ്പുറം |
| ഇ–മെയിൽ | : | amlpsparappurwestnew@gmail.com |



Scanned with OKEN Scanner

# പൊതു ലക്ഷ്യങ്ങൾ

- കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവും കാർഷികവും സർഗ്ഗാത്മകവുമായ പാരസ്പര്യം കാത്തു സൂക്ഷിക്കാനും ഭരണഘടനാ മൂല്യങ്ങൾ ഉൾകൊണ്ട് പ്രവർത്തിക്കുന്ന ഒരു സമൂഹ സൃഷ്ടിക്കും ഉതകും വിധം എല്ലാ കുട്ടികൾക്കും വൈവിധ്യമാർന്ന അനുഭവമൊരുക്കാൻ കഴിയുക.

- 20 വർഷം മുന്നിൽ കണ്ടുകൊണ്ട് വിദ്യാലയ വികസന പദ്ധതി തയ്യാറാക്കാനും വിവിധ മേഖലകളിൽ നിന്ന് (ഗവ., എം.എൽ.എ., എം.പി., ത്രിതല പഞ്ചായത്ത്, വ്യവസായികൾ, എൻ.ആർ.ഐ., പൂർവ്വ വിദ്യാർത്ഥികൾ) വിഭവസമാഹരണം നടത്തി വിദ്യാലയത്തെ മികച്ച നിലവാരമുള്ളതാക്കുക.

- വരും കാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പാക്കുക.

- വിദഗ്ധരായ അധ്യാപകരുടെ സേവനം വിദ്യാലയങ്ങളിൽ ലഭ്യമാകുന്നതോടൊപ്പം വിദ്യാലയത്തിലെ ഓരോ അധ്യാപകന്റെയും അക്കാദമികവും സാങ്കേതികവുമായ മികവ് വികസിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യുക.

- പഠനവും ബോധനവും ആഹ്ലാദകരമായ അനുഭവമാക്കി മാറ്റുക.

- കുട്ടികളുടെ സർഗ്ഗ ക്രിയാശേഷികളെ പരിപോഷിപ്പിക്കുന്നതിന് ഭൗതികവും സർഗ്ഗാത്മകവുമായ പ്രവർത്തന പദ്ധതികൾ രൂപീകരിച്ചു നടപ്പാക്കുക.

- കുട്ടിയുടെ പഠനവേഗത, പഠനശൈലി എന്നിവ പരിഗണിക്കുന്ന പഠന പ്രക്രിയ സാധ്യമാക്കുക.

- സമ്പൂർണ്ണ ശുചിത്വം, പ്ലാസ്റ്റിക്, കീടനാശിനി മുക്ത ക്യാമ്പസ് സൃഷ്ടിക്കുക.

- വിദ്യാലയത്തിന്റെ സമസ്ത മേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുക.

◆◆◆◆



Scanned with OKEN Scanner

# വിഷയ മേഖലകൾ

വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് മൂർത്ത രൂപം നൽകേണ്ടതുണ്ട്. അതിനായി സർഗ്ഗാത്മകവും സമയ ബന്ധിതവുമായി പൂർത്തീകരിക്കുന്ന പ്രവർത്തന പദ്ധതികൾക്ക് രൂപം നൽകണം. മലയാളം, ഇംഗ്ലീഷ്, അറബി, ഗണിതം, അടിസ്ഥാന ശാസ്ത്രം എന്നീ മേഖലകളാണ് ഇതിൽ പരിഗണിച്ചിട്ടുള്ളത്.



Scanned with OKEN Scanner

# മലയാളം

പ്രവർത്തനം : 1
പേര് : ഒന്നാകാം മുന്നേറാം
ഉപമേഖല : മാതൃഭാഷയിലെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാ-പരമായ പിന്നാക്കാ-വസ്ഥ പരിഹരി-ക്കൽ | 1. പ്രീ-ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരക്കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കുക<br>8. ചിത്രം – അടിക്കുറിപ്പ്<br>9. ചിത്രം – കഥ പറയൽ<br>10. ചിത്രം – കഥ എഴുതൽ<br>11. കഥ – ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ<br>13. സി.ഡി. യിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14. ഭാഷാപരമായ പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 2 മാസം ആഗസ്റ്റ്, സെപ്റ്റം-ബർ | ക്ലാസ് അധ്യാപകർ | 5000/- സ്പോൺസർ-ഷിപ്പ് |



Scanned with OKEN Scanner

# മലയാളം

പ്രവർത്തനം : 2

പേര് : വായനക്കൂട്ടം

ഉപമേഖല : മികച്ച വായനക്കാരനാക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാ-രനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനാമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മ വായന<br>8. പുസ്തക ചർച്ച<br>9. വായനാനുഭവം പങ്കുവെക്കൽ<br>10. വായനാകുറിപ്പ് പതിപ്പ്<br>11. വിദ്യാഭ്യാസ കലാ-സാഹിത്യ വേദി പ്രവർത്തനം ക്ലാസ് സഭ<br>12. സ്കൂൾ സഭ, ബാല സഭ<br>13. ദിനാചരണങ്ങൾ<br>14. ആകാശവാണി ക്ലബ്ബ്<br>15. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>16. ആസ്വാദ്യകരമായ വായന<br>17. വായനാസാമഗ്രികൾ വികസിപ്പിക്കൽ | 6 മാസം | ക്ലാസ് അധ്യാപകർ<br><br>സ്കൂൾ ലൈബ്രേറി-യൻ | 25,000/– സ്പോൺസർ-ഷിപ്പ്<br><br>ബി.ആർ.സി. |



Scanned with OKEN Scanner

# മലയാളം

പ്രവർത്തനം : 3
പേര് : എഴുത്തുകൂട്ടം
ഉപമേഖല : മികച്ച എഴുത്തുകാരനാക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടിയെ മികച്ച എഴുത്തു-കാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരിക്കൽ<br>2. പുസ്തക ചർച്ച<br>3. ക്ലാസ് ലൈബ്രറി<br>4. വായനാകുറിപ്പ്, പതിപ്പ്<br>5. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>6. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>7. ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>8. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>9. എഴുത്തുകൂട്ടം മോണിറ്ററിംഗ്<br>10. വായനാകുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>11. ബാലസഭ<br>12. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>13. വ്യക്തിഗത രചന, സംഘ രചന<br>14. ഭാഷാ പ്രോജക്ട്<br>15. വായനാകുറിപ്പ് മത്സരം | 6 മാസം | ക്ലാസ് അധ്യാപകൻ<br>ബാലസഭ കോഡിനേ-റ്റർ<br>സ്കൂൾ ലൈബ്രേറി-യൻ | 10,000/- സ്പോൺസർ-ഷിപ്പ് |

# മലയാളം

പ്രവർത്തനം : 4
പേര് : രചനാ ശിൽപശാല
ഉപമേഖല : മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസര– മൊരുക്കൽ, വായനാ– സാമഗ്രിക– ളുടെ നിർമ്മാണം | കഥയരങ്ങ്/ കവിയരങ്ങ്/ രചനാ ശിൽപശാല എന്നിവ സംഘടിപ്പിക്കൽ. രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ. ക്ലാസ് മുറിയിലെ പഠന സാമഗ്രിയായി മേൽ പറഞ്ഞ ഉത്പന്നങ്ങളെ ഉപയോഗിക്കൽ. | 2 മാസ– ത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാ– ഹിത്യ വേദി | 5,000/– സ്പോൺസർ– ഷിപ്പ് |

പ്രവർത്തനം : 5
പേര് : ബ്ലോഗ് നിറക്കൽ യജ്ഞം
ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ നവ മാധ്യ– മങ്ങളിലൂടെ പ്രസിദ്ധീക– രിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം എസ്.ഐ. റ്റി.സി. | – |

പ്രവർത്തനം : 6
പേര് : സർഗ്ഗ സല്ലാപം
ഉപമേഖല : ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലെ വിവിധ ശേഷികളിൽ മികവ് നേടുക | പ്രാദേശികമായി ലഭ്യമാ– കുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ, അവരുടെ വായന/ എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്– ക്കൽ, പ്രസിദ്ധീകരിക്കൽ. | വർഷ– ത്തിൽ രണ്ട് പ്രാവശ്യം | എച്ച്. എം. & പി.ടി.എ. | – |



Scanned with OKEN Scanner

# മലയാളം

പ്രവർത്തനം : 7
പേര് : സ്കൂൾ വിഷൻ
ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ ശേഷികളുടെ സമഗ്ര വികസനം | ഇടവേളകളിൽ കുട്ടികളുടെ കലാപരിപാടികളുടെ അവതരണം. | ആഴ്ചയിൽ ഒരിക്കൽ | എസ്. ആർ. ജി. | --- |

പ്രവർത്തനം : 8
പേര് : ദിനാചരണങ്ങൾ
ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി. യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്. ആർ. ജി., പി.ടി.എ. | 1,000/– പി.ടി.എ. |



Scanned with OKEN Scanner

# ഗണിതം

പ്രവർത്തനം : 9
പേര് : ഗണിതം സുന്ദരം
ഉപമേഖല : അക്കാദമികം – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംഖ്യാ ബോധം ചതുഷ് ക്രിയകൾ എന്നിവ ഉറപ്പിക്കൽ | അബാക്കസ്, സംഖ്യാ കിറ്റുകൾ, സംഖ്യാ കാർഡുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | മൂന്ന് മാസം | ക്ലാസ് അധ്യാപകൻ | 5,000/– സ്പോൺസർ–ഷിപ്പ് |

പ്രവർത്തനം : 10
പേര് : മനക്കണക്കായി നോക്കാം
ഉപമേഖല : അക്കാദമികം – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ യുക്തി ചിന്ത, മനക്കണക്കു–കൾ ഇവയി–ൽ പ്രാവീ–ണ്യം നേടുന്നതിന്. | യുക്തി ചിന്ത, മനക്കണ–ക്കുകൾ, ഇവ വളർത്തി–യെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ പ്രവർത്ത–നങ്ങൾ ബോധപൂർവ്വം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. | ജൂലൈ–മാർച്ച് | ഗണിതാ–ധ്യാപിക, എസ്. ആർ. ജി. | --- |

പ്രവർത്തനം : 11
പേര് : ഗണിത രചനകൾ
ഉപമേഖല : അക്കാദമികം – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പ്രവർത്തന ഫലമായി ക്ലാസ് റൂമുകളിൽ രൂപീകരിക്കപ്പെടുന്ന പാറ്റേണുകൾ, പസിലുകൾ, മാന്ത്രിക ചതുരങ്ങൾ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുക. | മാഗസിൻ തയ്യാറാക്കുക. | ഡിസം–ബർ | ഗണിതാ–ധ്യാപകൻ | 1,000/– പി.ടി.എ. |



Scanned with OKEN Scanner

# ഇംഗ്ലീഷ്

പ്രവർത്തനം : 12

പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകൽ. | ആഴ്ചയിൽ രണ്ട് ദിവസം | ക്ലാസ് ടീച്ചർ | ---- |

പ്രവർത്തനം : 13

പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ അഞ്ച് ദിവസം | ഇംഗ്ലീഷ് ടീച്ചർ | --- |

പ്രവർത്തനം : 14

പേര് : ഇംഗ്ലീഷ് തീയറ്റർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ. ഉദാ: skit, conversation, drama etc. | പ്രതിമാസ പരിപാടി | എച്ച്. എം., ഇംഗ്ലീഷ് ടീച്ചർ | 2,000/- പി.ടി.എ. |



Scanned with OKEN Scanner

## ഇംഗ്ലീഷ്

**പ്രവർത്തനം** : 15
**പേര്** : ഇംഗ്ലീഷ് ഫെസ്റ്റ്
**ഉപമേഖല** : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | മധ്യവേനൽ അവധിക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | അഞ്ച് ദിവസം (അവധിക്കാലം) | പി.ടി.എ. പ്രസിഡന്റ് എച്ച്.എം. | 2,000/- പി.ടി.എ. |

**പ്രവർത്തനം** : 16
**പേര്** : ഇംഗ്ലീഷിൽ കത്തെഴുത്ത് (English Pen Friends)
**ഉപമേഖല** : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരു മാസത്തെ അക്കാദമിക് പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമാന ക്ലാസ്സിലെ കുട്ടികളുമായി പ്രതിമാസ കത്തിടപാടിലൂടെ പങ്കുവെയ്ക്കൽ. | മാസത്തിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ | പ്രതിവർഷം 1,000/- (പി.ടി.എ. ഫണ്ട്) |

**പ്രവർത്തനം** : 17
**പേര്** : പദപ്രശ്ന നിർമ്മാണം
**ഉപമേഖല** : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | --- |



Scanned with OKEN Scanner

## ഇംഗ്ലീഷ്

പ്രവർത്തനം : 18
പേര് : ഇംഗ്ലീഷ് കോർണർ
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | ---- |

പ്രവർത്തനം : 19
പേര് : Sweet English
ഉപമേഖല : അക്കാദമികം - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് സംസാര ശേഷി വർദ്ധിപ്പിക്കുന്നതിന് | കേൾക്കുവാനും പറയുവാനും ധാരാളം അവസരങ്ങൾ നൽകുന്നു. കഥകൾ റിക്കോർഡ് ചെയ്ത് കേൾപ്പിക്കൽ. ആക്ഷൻ സോങ്ങ് കണ്ടു പടിക്കൽ ഇംഗ്ലീഷ് മാത്രമുള്ള ആശയ വിനിമയം. ഇംഗ്ലീഷ് ഗെയിംസ് | മൂന്ന് വർഷം | ക്ലാസ് ടീച്ചർ | 30,000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം : 20
പേര് : Let's Read
ഉപമേഖല : അക്കാദമികം - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന | ചിത്ര വായന, വായനാ കാർഡുകൾ, ചെറുകഥകൾ പാട്ടുകൾ, കളികൾ എന്നിവയിലൂടെ വായിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക. | 1 വർഷം | ഇംഗ്ലീഷ് ക്ലബ്ബ് | 2,000/- സ്പോൺസർഷിപ്പ് |



Scanned with OKEN Scanner

# ഇംഗ്ലീഷ്

പ്രവർത്തനം : 21
പേര് : Language Skills
ഉപമേഖല : അക്കാദമികം – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷാ നൈപുണ്യം വർദ്ധിപ്പി-ക്കുന്നതിന് | ഇംഗ്ലീഷ് ബാലസഭ, മികച്ച രചനകൾ, പാട്ടുകൾ, സ്കിറ്റുകൾ തുടങ്ങിയവ സ്കൂൾ ബ്ലോഗിൽ പ്രസിദ്ധീകരി-ക്കൽ, ഇംഗ്ലീഷിൽ ലഘു പ്രസംഗങ്ങൾ, കഥ പറയൽ, Self Introduction, ക്ലാസ് ഡയറി | മാസ-ത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ | ---- |



Scanned with OKEN Scanner

## അറബിക്

പ്രവർത്തനം : 22
പേര് : വായനയിലൂടെ പഠിക്കാം
ഉപമേഖല : അക്കാദമികം - അറബി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒഴുക്കോടെ അറബി വായിക്കാനും എഴുതാനും എല്ലാ കുട്ടികളെയും പ്രാപ്തരാക്കൽ | അറബി ഭാഷയിൽ കുട്ടികളുടെ പേരെഴുതിയ ലിസ്റ്റ് ക്ലാസിൽ പ്രദർശിപ്പിക്കുന്നു വിവിധ സ്ഥലങ്ങളിൽ നിർദ്ദേശങ്ങൾ അറബിയിൽ എഴുതി ഒട്ടിക്കൽ. പാഠ ഭാഗവുമായി ബന്ധപ്പെട്ട പ്രത്യേക വർക്ക് ബുക്ക് ഉപയോഗപ്പെടുത്തൽ. | ജൂൺ ജൂലൈ<br>വർഷം മുഴുവൻ | അറബിക് ടീച്ചർ | ---- |

പ്രവർത്തനം : 23
പേര് : കണ്ടും അറിഞ്ഞും
ഉപമേഖല : അക്കാദമികം - അറബി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യാഭിരുചി വളർത്തൽ | അറബിക് ബാലസഭ, ക്ലാസ് തല കഥ, കവിതാ രചന മത്സരങ്ങൾ, അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ, ആനിമേഷൻ | മാസത്തിൽ ഒരിക്കൽ | അറബിക് ടീച്ചർ | 2,000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം : 24
പേര് : പദ ശേഖരം
ഉപമേഖല : അക്കാദമികം - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പദ സമ്പത്ത് വർദ്ധിപ്പിക്കൽ | അറബി നിഘണ്ടു ഭാഷാ കളികൾ | വർഷം മുഴുവൻ | ഇംഗ്ലീഷ് ക്ലബ്ബ് | ---- |



Scanned with OKEN Scanner

# അറബിക്

പ്രവർത്തനം : 25
പേര് : ആശയ വിനിമയം
ഉപമേഖല : അക്കാദമികം – അറബി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ആശയ-വിനിമയ-ത്തിന് പ്രാപ്തരാ-ക്കൽ | അറബിക് അസംബ്ലി, അറബിക് സംഭാഷണം | വർഷം മുഴുവൻ | അറബിക് ടീച്ചർ, എച്ച്.എം. | ---- |

പ്രവർത്തനം : 26
പേര് : പഠന പുരോഗതി
ഉപമേഖല : അക്കാദമികം – അറബി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പിന്നോക്ക വിഭാഗക്കാ-രുടെ പഠന പുരോഗതി | വായനാ കാർഡുകളും ചാർട്ടുകളും നൽകുന്നു. വീഡിയോ പ്രദർശനം | വർഷം മുഴുവൻ | അറബിക് ടീച്ചർ | ---- |

പ്രവർത്തനം : 27
പേര് : അറബിക് മധുരം
ഉപമേഖല : അക്കാദമികം – അറബി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷി-പ്പിക്കാനുള്ള പ്രത്യേക പഠന രീതി | എഴുത്ത്, വായന. ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്താൻ, പ്രത്യേകം തയ്യാറാക്കിയ മോഡ്യൂളുകളനുസരിച്ച് അറബിക് മധുരം, ക്ലാസ് നൽകുന്നു. അക്ഷരം തിരിച്ചറിയാൻ കമ്പ്യൂട്ടറിലെ പെയിന്റിൽ കുട്ടികളെ കൊണ്ട് നിറം കൊടുപ്പിക്കുന്നു. | രണ്ട് മാസം | അറബിക് ടീച്ചർ | ---- |



Scanned with OKEN Scanner

# അറബിക്

പ്രവർത്തനം : 28
പേര് : വായനോത്സവം
ഉപമേഖല : അക്കാദമികം – അറബി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെ കിട്ടിയെ ഭാഷാ സമ്പന്നമാക്കൽ. നല്ലൊരു വായനക്കാരനാക്കൽ | അറബിക് ലൈബ്രേറി, പുസ്തകങ്ങൾ, അറബിക് ചിത്ര കഥ, കഥാ പുസ്തകങ്ങൾ, കുട്ടിക്കവിതകൾ, ചെറിയ വിവരങ്ങൾ, അറബിക് ക്വിസ്, അറബിക് ഡിക്ഷനറി. വായന – അറബിക് പിരിയഡിൽ 5 മിനുട്ട് 1 പേജ് കുട്ടി വായിക്കുക. വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തൽ. കൂടുതൽ ബുക്കുകൾ വായിച്ച കുട്ടിക്ക് സമ്മാനം നൽകൽ | പത്ത് മാസം | അറബിക് ടീച്ചർ, എച്ച്.എം. | 1,000/– പി.ടി.എ. |

പ്രവർത്തനം : 29
പേര് : എഴുത്തുത്സവം
ഉപമേഖല : അക്കാദമികം – അറബി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ കയ്യെഴുത്ത് പരിപോഷിപ്പിക്കുക. | അറബി ഭാഷയുടെ തനതായ സൗന്ദര്യ എഴുത്ത്. ഓരോരുത്തർക്കും വർക്ക് ഷീറ്റുകൾ നൽകി പരിപോഷിപ്പിക്കുക. | ഒരു വർഷം | അറബിക് ടീച്ചർ | ---- |

പ്രവർത്തനം : 30
പേര് : അറബിക് ഫെസ്റ്റ്
ഉപമേഖല : അക്കാദമികം – അറബി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മകതാ വികസനം | അറബിക് ദിനത്തിലോ മറ്റേതെങ്കിലും ദിവസത്തിലോ അറബിക് ഫെസ്റ്റ് നടത്തുന്നു. കലാപരിപാടികൾ ഉദ്ഘാടനം എന്നിവ അറബിയിൽ സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരു ദിവസം | അറബിക് ടീച്ചർ, എച്ച്.എം., എസ്.ആർ.ജി. | 2,000/– സ്പോൺസർഷിപ്പ് (സമ്മാനങ്ങൾ) |



Scanned with OKEN Scanner

# മറ്റു അക്കാദമിക പ്രവർത്തനങ്ങൾ

പ്രവർത്തനം : 31
പേര് : ജൈവ വൈവിധ്യപാർക്ക്
ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | എസ്. ആർ. ജി. | 25,000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം : 32
പേര് : ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ
ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.ടി.എ. കൃത്യമായി അജണ്ട വെച്ച് പ്രതിമാസം ചേരൽ, പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം. പൊതു ചർച്ച എന്നിവയുണ്ടാകണം. | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | --- |

പ്രവർത്തനം : 33
പേര് : പോഷകാഹാര പരിപാടി
ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വെച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ച ഭക്ഷണ ചുമതലയുള്ള ടീച്ചർ, എച്ച്.എം., പി.ടി.എ. | സർക്കാർ ഫണ്ട് |



Scanned with OKEN Scanner

# മറ്റു അക്കാദമിക പ്രവർത്തനങ്ങൾ

പ്രവർത്തനം : 34
പേര് : **ജന്മദിനത്തിനൊരു പുസ്തകം**
ഉപമേഖല : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ് ലൈബ്രറി-യുടെ നവീകരണം | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ്സ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു. കുടുംബാംഗങ്ങളെ മുഴുവൻ ഈ പ്രവർത്തനത്തിൽ പങ്കാളിയാക്കാം. | എല്ലാ ജന്മ ദിനങ്ങ-ളിലും | ക്ലാസ്സ് ടീച്ചർ ക്ലാസ്സ് ലീഡർ | --- |

പ്രവർത്തനം : 35
പേര് : **വർക്ക്ഷീറ്റ് നിർമ്മിക്കൽ**
ഉപമേഖല : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ബാലസാഹിത്യ മാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ | വായിച്ചു കഴിഞ്ഞ ബാല സാഹിത്യ വാരികകളി-ലേയും ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾ ഭാഗ-ത്തായി ഒട്ടിക്കുന്നു. ഇതിന് അനുയോജ്യമായ അടിക്കുറിപ്പ്, കവിത, കഥ, വിവരണം എന്നിവ എഴുതിച്ചേർത്ത് വർക്ക് ഷീറ്റ് തയ്യാറാക്കൽ. | മാസ-ത്തിൽ രണ്ട് പ്രാവശ്യം | എസ്.ആർ. ജി. | --- |

പ്രവർത്തനം : 36
പേര് : **മൺമറഞ്ഞ ആഹാരം**
ഉപമേഖല : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ വിരചയപ്പെ-ടുത്തൽ. | കേരളത്തിൽ നിലവിലു-ണ്ടായിരുന്ന പ്രാചീന പാനീ-യങ്ങൾ, പലഹാരങ്ങൾ ആഹാര സാധനങ്ങൾ എന്നിവയുടെ പട്ടിക മുതിർ-ന്നവരിൽ നിന്ന് ചോദിച്ചറി-യണം. ഓരോന്നും പാചകം ചെയ്യുന്ന വിധം അതിൽ ചേർക്കുന്ന വസ്തുക്കൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ. | വർഷ-ത്തിൽ ഒരു പ്രാവശ്യം | എസ്. ആർ. ജി., പി.ടി.എ. | --- |



Scanned with OKEN Scanner

# മറ്റു അക്കാദമിക പ്രവർത്തനങ്ങൾ

പ്രവർത്തനം : 37
പേര് : ഫാസ്റ്റ് ഫുഡ് – ഫാസ്റ്റ് ടു ഡെത്ത്
ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഫാസ്റ്റ് ഫുഡിന്റെ ഗുണദോഷ- ങ്ങളെ കുറിച്ച് നിഗമനങ്ങൾ രൂപപ്പെടു- ത്തൽ | കടകളിൽ നിന്നും വാങ്ങു- ന്നതും വീട്ടിൽ ഉണ്ടാക്കു- ന്നതുമായ വിവിധ ഫാസ്റ്റ് ഫുഡുകൾ പട്ടികപ്പെടു- ത്തുന്നു. ഓരോന്നിലും ചേർക്കുന്ന വസ്തുക്കൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ. | വർഷ- ത്തിൽ ഒരു പ്രാവശ്യം | എസ്. ആർ. ജി. | --- |

പ്രവർത്തനം : 38
പേര് : സ്മാർട്ടാകാം
ഉപമേഖല : അക്കാദമികം / I C T

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ ക്ലാസ്സ് മുറികളും സ്മാർട്ട് ക്ലാസ്സ് മുറികളാക്കി മാറ്റുക. | കുട്ടികളുടെ അക്കാദമിക നിലവാരത്തിന് ഉതകുന്ന തരത്തിൽ എല്ലാ ക്ലാസ്സ് മുറികളിലും കമ്പ്യൂട്ടർ, പ്രോജക്ടർ തുടങ്ങിയ ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | വർഷം മുഴുവൻ | S I T C, ക്ലാസ് ടീച്ചർ | 3,00,000/ OSA, PTA, Sponsorship. |



Scanned with OKEN Scanner

# പ്രതീക്ഷിത നേട്ടങ്ങൾ

- കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ.
- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിന് എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- മത നിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴുയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവണതകൾക്ക് തടയിടാൻ കഴിയുന്നു.



Scanned with OKEN Scanner

# മോണിറ്ററിംഗ്

ഉദ്യോഗസ്ഥതലത്തിലുള്ള മോണിറ്ററിംഗ് സ്കൂൾ തലം മുതൽ ശക്തമാകുന്നു.

---

സോഷ്യൽ മോണിറ്ററിംഗ് രീതി (P.T.A., M.P.T.A., S.S.G., S.R.G. O.S.A. എന്നിവ ഉൾപ്പെടുത്തി) നടപ്പിലാക്കണം.

---

ദൈനംദിന മോണിറ്ററിംഗ് H.M., S.R.G. കൺവീനർ, P.T.A. പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്തണം.

# ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യ വത്കരണം ഇപ്പോൾ തന്നെ ദൂര വ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൽ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാവുക എന്നത്.

നാട്യങ്ങൾ ഏതുമില്ലാതെ, നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തു സൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജനകീയ പങ്കാളിത്തത്തോടെ ഓരോ പദ്ധതിയും നടപ്പിലാക്കുന്നതിന് ആവശ്യമായ വിഭവങ്ങളും വൈഭവങ്ങളും കണ്ടെത്തി കൊണ്ട് വിദ്യാലയത്തെ എല്ലാ തലത്തിലും ഉന്നത നിലവാരത്തിലെത്തിക്കാനുള്ള പ്രവർത്തനങ്ങളാണ് നാം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്.



Scanned with OKEN Scanner